To FMIS for website
PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.11.09.2018

## പ്രളയം : പരിസ്ഥിതി സംരക്ഷണത്തിന്റെ അനിവാര്യത വർദ്ധിപ്പിച്ചു – വനം മന്ത്രി

വനത്തിന്റേയും പരിസ്ഥിതിയുടേയും സംരക്ഷണത്തിൽ മനുഷ്യൻ കൂടുതൽ ജാഗ്രത പാലിക്കണമെന്ന ഓർമ്മപ്പെടുത്തലാണ്.സംസ്ഥാനത്തെ പ്രളയക്കെടുതികൾ നൽകുന്നതെന്ന് വനം മന്ത്രി അഡ്വ. കെ. രാജു പറഞ്ഞു. ഭൂമിയെ ഒരു തരത്തിലും അലോസരപ്പെടുത്താതെയുള്ള വികസനമാണ് കാലഘട്ടത്തിന്റെ ആവശ്യമെന്നും പ്രകൃതിയോടുയിണങ്ങിയുള്ള ജീവിതത്തിലൂടെ മാത്രമേ ഭാവിയിൽ ദുരന്തങ്ങൾ ഒഴിവാക്കാനാകൂ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രളയ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മാതൃകാപരമായ നേതൃത്വം വഹിച്ച വനം ഉദ്യോഗസ്ഥരെ അനുമോദിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

വനം-വന്യജീവി സംരക്ഷണം മാത്രമല്ല വനപാലകരുടെ ചുമതലയെന്ന് തെളിയിക്കുന്നതായിരുന്നു രക്ഷാ പ്രവർത്തനങ്ങളിൽ അവർ കാഴ്ചവച്ച സേവനം. കുട്ടവഞ്ചികൾ, ബോട്ടുകൾ, വാഹനങ്ങൾ, രക്ഷാ ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് എണ്ണായിരത്തി അഞ്ഞൂറിലധികം ആളുകളെയാണ് വനമേഖലകളിൽ രക്ഷപ്പെടുത്തിയത്. 39 -ഓളം ദുരിതാശ്വാസ ക്യാമ്പുകൾ വകുപ്പ് നേരിട്ട് സജീകരിച്ചു. ഒറ്റപ്പെട്ടുപോയ ആദിവാസി മേഖലകളിലേയ്ക്ക് താൽക്കാലിക ഗതാഗതമാർഗ്ഗം നിർമ്മിക്കുകയും ദുരിതത്തിനിരയായവർക്ക് അവശ്യസാധങ്ങൾ എത്തിച്ചുനൽകുകയും ചെയ്തു. മുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് കാത്തു നിൽക്കാതെ സന്ദർഭോജിതമായ പ്രവർത്തനങ്ങളാണ് വനപാലകരിൽ നിന്നുണ്ടായതെന്നും വനം മന്ത്രി കൂട്ടിച്ചേർത്തു. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ആദിവാസിമേഖലകളിലെ ദുരിത നിവാരണ പ്രവർത്തനങ്ങൾ, വനപ്രദേശങ്ങളിലെ റോഡുകളുടെ പുനരുദ്ധാരണം, പാലങ്ങളുടെ പുനർനിർമ്മിതി തുടങ്ങിയ പ്രവർത്തങ്ങൾക്കാവും ഇനി മുൻതൂക്കം നൽകുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചു.

വഴുതക്കാട് വനം ആസ്ഥാനത്തെ വനശ്രീ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പതിനഞ്ച് ഉയർന്ന വനം വകുപ്പുദ്യോഗസ്ഥരെയാണ് ആദരിച്ചത്. രാജേഷ് രവീന്ദ്രൻ(ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ തൃശ്ശൂർ), കെ.വിജയാനന്ദൻ, (ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,സതേൺ സർക്കിൾ, കൊല്ലം), എസ്.വി.വിനോദ് (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ), വി.പി.ജയപ്രകാശ് (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാട്),എ.ഒ.സണ്ണി, (വൈൽഡ് ലൈഫ് വാർഡൻ, പീച്ചി- എ.പി.സുനിൽ ബാബു (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,തെന്മല), പി. രഞ്ജിത്കുമാർ (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത്വയനാട്), ബി. സന്തോഷ്കുമാർ (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, അച്ചൻകോവിൽ), വർക്കാട് യോഗേഷ് നിൽകൺഠ്, ഡിവിഷണൽ ഫോറസ്റ്റ്ഓഫീസർ, നിലമ്പൂർ (നോർത്ത്), രാജു കെ.ഫ്രാൻസിസ് (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംങ് സ്ക്വാഡ്, എറണാകുളം) സി.കെ. ഹാബി (ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ വെസ്റ്റ്), എ. ഷാനവാസ് (വൈൽഡ് ലൈഫ് വാർഡൻ, ശെന്തുരുണി), എൻ.ടി.സാജൻ, (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട്), ശിൽപ്പ വി. കുമാർ. (ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ഈസ്റ്റ്), സുമി ജോസഫ്, (അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ആലപ്പുഴ). എന്നിവർക്ക് ആശംസാപത്രവും, മുഖ്യമന്ത്രിയുടെ പ്രശംസാ ഫലകവും വനം മന്ത്രി വിതരണം ചെയ്തു.

വനം വകുപ്പ് മേധാവി പി.കെ. കേശവൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ പി.സി.സി.എഫുമാരായ എ.കെ. ധർണി, കെ.എ.മുഹമ്മദ് നൗഷാദ്, ബെന്നിച്ചൻ തോമസ്, അഡീ. പി.സി.സി.എഫ്. അമിത് മല്ലിക് എന്നിവർ സന്നിഹിതരായിരുന്നു. എ.സി.എഫ്. ശിവപ്രസാദ് നന്ദി പറഞ്ഞു.

PRO